**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2070** **09-02-2023 - ൽ മറുപടിയ്ക്ക്**

**മ്യൂസിയം പോലീസ് സ്റ്റേഷനിലെ സി.സി.185/2021 നമ്പർ കേസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം.കെ . മുനീർ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | 20.9.2021-ൽ തിരുവനന്തപുരം മ്യൂസിയം പോലീസ് സ്റ്റേഷൻ ക്രൈം നം. 1140/2021 പ്രകാരം രജിസ്റ്റർ ചെയ്ത സി.സി.185/2021 നമ്പർ കേസിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ; | (എ) | ബഹു. തിരുവനന്തപുരം CJM കോടതിയിൽ പ്രതി കുറ്റം സമ്മതിച്ച് പിഴ തുക ഒടുക്കി പ്രസ്തുത കേസ്സ് ബഹു. കോടതി തീർപ്പാക്കിയിട്ടുള്ളതാണ്. |
| (ബി) | കേസ് രജിസ്റ്റർ ചെയ്യുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങൾ പ്രസ്തുത കേസിൽ സ്വീകരിച്ചിരുന്നോ എന്ന് അറിയിക്കുമോ; | (ബി) | കേസ് രജിസ്റ്റർ ചെയ്യുമ്പോൾ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ പ്രസ്തുത കേസിൽ പാലിച്ചിട്ടുണ്ട്. |
| (സി) | ലഹരി ഉപയോഗിച്ചിരുന്നതായി ആരോപിക്കപ്പെട്ട വ്യക്തിയെ വൈദ്യ പരിശോധനയ്ക്ക് വിധേയനാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (സി) | മ്യൂസിയം പോലീസ് സ്റ്റേഷൻ ക്രൈം നം. 1140/2021 പ്രകാരം രജിസ്റ്റർ ചെയ്ത കേസിലെ പ്രതി പൊതുസ്ഥലത്ത് പൊതുജന ശല്യം ഏതോ ലഹരിക്ക് അടിമപ്പെട്ട് ഉണ്ടാക്കിയതായി കാണുകയാൽ കേരളാ പോലീസ് ആക്ടിലെ 118 (a) വകുപ്പാണ് പ്രതിക്കതിരെ ചുമത്തിയിട്ടുള്ളത് |
| (ഡി) | പ്രസ്തുത കേസ് സംബന്ധിച്ച എഫ്.ഐ.ആർ. -ന്റെ പകർപ്പ് ബന്ധപ്പെട്ട വ്യക്തി കൈപ്പറ്റിയിരുന്നോ; എങ്കിൽ ആയതിന്റെ രേഖ വെളിപ്പെടുത്തുമോ; | (ഡി) | പ്രതിയുടെ അമ്മയായ ശ്രീമതി വസന്ത, വിവരാവകാശ നിയമ പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നതും അതിൻ പ്രകാരം എഫ്.ഐ.ആർ. -ന്റെ പകർപ്പ് ശ്രീമതി വസന്ത കൈപ്പറ്റിയിട്ടുണ്ട്<br><br>വിവരാവകാശ നിയമ പ്രകാരം ശ്രീമതി വസന്ത നൽകിയ അപേക്ഷയ്ക്ക് മ്യൂസിയം പോലീസ് സ്റ്റേഷൻ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ നൽകിയ മറുപടിയുടെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. |
| (ഇ) | മ്യൂസിയം പോലീസ് വ്യാജ കേസ് രജിസ്റ്റർ ചെയ്തു പിഴ ഈടാക്കുന്നതായിട്ടുള്ള ആക്ഷേപം സംബന്ധിച്ച് അന്വേഷണം നടത്തി കുറ്റക്കാർക്ക് എതിരെ നടപടി സ്വീകരിക്കുമോ? | (ഇ) | ഇത്തരത്തിലുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ

No. 206/RI Act/2021 B5
മ്യൂസിയം പോലീസ് സ്റ്റേഷൻ
തിരുവനന്തപുരം സിറ്റി
തീയതി - 16/01/2022

പ്രേഷിതൻ

ധർമ്മജിത്. പി.എസ്
സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ
സ്റ്റേഷൻ ഹൗസ് ഓഫീസർ
മ്യൂസിയം പോലീസ് സ്റ്റേഷൻ
തിരുവനന്തപുരം സിറ്റി

സ്വീകർത്താവ്,

ശ്രീമതി. വസന്ത
ചൈത്രം
TC 14/768
ബെസ്സർവെറ്ററി ലയിൻ
തിരുവനന്തപുരം - 695033

സർ,

വിഷയം- വിവരാവകാശനിയമം 2005- അപേക്ഷയിൻമേലുള്ള മറുപടി
സൂചന - ഇല്ല

മേൽവിഷയം ശ്രദ്ധിച്ചാലും

താങ്കളുടെ വിവരാവകാശനിയമം 2005 പ്രകാരമുള്ള അപേക്ഷ 31.12.2021 -ാം തീയതി മ്യൂസിയം പോലീസ് സ്റ്റേഷനിൽ ലഭിച്ചിട്ടുള്ളതാകുന്നു.

1. മ്യൂസിയം പോലീസ് സ്റ്റേഷനിലെ ലഭ്യമായ രജിസ്റ്റർ പരിശോധിച്ചതിൽ ശ്രീ. സേവ്യർ ജോർജ്ജ്, മക്കളായ ആൻ സേവ്യർ അനുസേവ്യർ എന്നിവരുടെ പരാതി രേഖപ്പെടുത്തിയതായി കാണുന്നില്ല.
2. ബാധകമല്ല
3. ശ്രീ. ധനീഷിന്റെ എല്ല് ഒടിഞ്ഞത് സംബന്ധിച്ച മെഡിക്കൽ റിപ്പോർട്ട് അപേക്ഷയുടെ ചികിത്സാ റിപ്പോർട്ട് എന്നിവ മ്യൂസിയം പോലീസ് സ്റ്റേഷനിൽ ലഭിച്ചതായി കാണുന്നില്ല.
4. അപേക്ഷകയിൽ നിന്നും 28.09.2021 27.09.2021 എന്നീ ദിവസങ്ങളിൽ വാട്സ് അപ്പ് ഇ-മെയിൽ എന്നിവ മുഖാന്തിരമുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.
5. ടി പരാതി ശ്രദ്ധയിൽപ്പെടാത്തതിനാൽ കേസ് രജിസ്റ്റർ ചെയ്തിട്ടില്ല.
6. മ്യൂസിയം പോലീസ് സ്റ്റേഷനിൽ ക്രൈം. 1140/2021 രജിസ്റ്റർ ചെയ്ത് CC 185/2021 ആയി പരിഗണനയിലുള്ള കേസ്സിന്റെ FIR, FIS, കുറ്റപത്രം എന്നിവയുടെ പകർപ്പുകൾ ഇതോടൊപ്പം ചേർത്തയയ്ക്കുന്നു.
7. ടി കേസ് 20.09.2021 -ാം തീയതിയാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്.

ടി വിവരം അറിയിച്ചുകൊള്ളുന്നു.

അപ്പീൽ അധികാരി

പോലീസ് അസിസ്റ്റന്റ് കമ്മീഷണർ
കന്റോൺമെന്റ് സബ് ഡിവിഷൻ
തിരുവനന്തപുരം സിറ്റി

സവിനയം,

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ
സ്റ്റേഷൻ ഹൗസ് ഓഫീസർ
മ്യൂസിയം പോലീസ് സ്റ്റേഷൻ
തിരുവനന്തപുരം സിറ്റി